കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശസ്വയംഭരണ വകുപ്പ് - തദ്ദേശസ്വയംഭരണ വകുപ്പ് സ്ഥാപനങ്ങളുടെ വരവു ചെലവു കണക്കുകളുടെ വാർഷിക സ്റ്റേറ്റ്മെന്റ് ക്രോഡീകരിക്കുന്നതിന് ഉദ്യോഗസ്ഥനെ അധികാരപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ആർ.ഡി) വകുപ്പ്

സ.ഉ.(ആർ.റ്റി) നം. 1463/2010/തസ്വഭവ. തിരുവനന്തപുരം, തീയതി: 29/04/2010

---

പരാമർശം: 1. ജി.ഒ.(പി) നം.328/2004/തസ്വഭവ തീയതി 09/12/2004.
2. സ.ഉ (പി) നം.119/2007/തസ്വഭവ തീയതി 30/04/2007.

## <u>ഉത്തരവ്</u>

കേരള പഞ്ചായത്ത്രാജ് ആക്റ്റ് വകുപ്പ് 215 പ്രകാരവും, കേരള മുനിസിപ്പാലിറ്റി ആക്ട് വകുപ്പ് 295 പ്രകാരവും വിവിധതലത്തിലുള്ള തദ്ദേശസ്വയംഭരണ വകുപ്പ് സ്ഥാപനങ്ങളുടെ വരവു ചെലവു കണക്കുകളുടെ വാർഷിക സ്റ്റേറ്റ്മെന്റ് സർക്കാർ തലത്തിൽ ക്രോഡീകരിക്കുന്നതിന് തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ സെക്രട്ടറി (എഫ്.എം)നെ ചുമതലപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു. പ്രസ്തുത വാർഷിക സ്റ്റേറ്റ്മെന്റ് വിവിധ തലത്തിലുള്ള തദ്ദേശസ്വയംഭരണ വകുപ്പ് സ്ഥാപനങ്ങൾ ക്രോഡീകരിച്ച് സർക്കാരിന് സമർപ്പിക്കുന്നതിനുള്ള നടപടി ക്രമം താഴെ ചേർക്കുന്നു.

(a) <u>ഗ്രാമപഞ്ചായത്തുകളുടെ അക്കൗണ്ടുകൾ സമാഹരിച്ച് ക്രോഡീകരിക്കുന്നത് സംബന്ധിച്ച്</u>

എല്ലാ ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാരും നവംബർ 10-നകം ഗ്രാമ പഞ്ചായത്തുകളുടെ സാക്ഷ്യപ്പെടുത്തിയ അക്കൗണ്ടുകൾ അതാത് ഡെപ്യൂട്ടി ഡയറക്ടർമാർക്ക് സമർപ്പിക്കേണ്ടതും, ഡെപ്യൂട്ടി ഡയറക്ടർമാർ ഈ അക്കൗണ്ടുകൾ സമാഹരിച്ച് നവംബർ 15-നകം പഞ്ചായത്ത് ഡയറക്ടർക്ക് അയയ്ക്കേണ്ടതുമാണ്. ഇപ്രകാരം സമാഹരിച്ച അക്കൗണ്ടുകൾ ക്രോഡീകരിച്ച് പഞ്ചായത്ത് ഡയറക്ടർ നവംബർ 25-നകം തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ സെക്രട്ടറി (എഫ്.എം)-ന് സമർപ്പിക്കുകയും ചെയ്യേണ്ടതുമാണ്.

(b) ബ്ലോക്ക് പഞ്ചായത്തുകളുടെ അക്കൗണ്ടുകൾ സമാഹരിച്ച് ക്രോഡീകരിക്കുന്നത് സംബന്ധിച്ച്

എല്ലാ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിമാരും നവംബർ 10-നകം സാക്ഷ്യപ്പെടുത്തിയ അക്കൗണ്ടുകൾ അതാത് അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ (ജനറൽ)ക്ക് സമർപ്പിക്കേണ്ടതും അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർമാർ ഓരോ ജില്ലയിലെയും ബ്ലോക്ക് പഞ്ചായത്തുകളുടെ അക്കൗണ്ടുകൾ സമാഹരിച്ച് ക്രോഡീകരിച്ച് നവംബർ 15-നകം ഗ്രാമ വികസന കമ്മീഷണർക്ക് അയയ്ക്കേണ്ടതുമാണ്. ഇപ്രകാരം സമാഹരിച്ച അക്കൗണ്ടുകൾ ഗ്രാമ വികസന കമ്മീഷണർ ക്രോഡീകരിച്ച് നവംബർ 25-നകം തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ സെക്രട്ടറി (എഫ്.എം)-ന് സമർപ്പിക്കുകയും ചെയ്യേണ്ടതാണ്.

(c) ജില്ലാ പഞ്ചായത്തുകളുടെ അക്കൗണ്ടുകൾ സമാഹരിച്ച് ക്രോഡീകരിക്കുന്നത് സംബന്ധിച്ച്

എല്ലാ ജില്ലാ പഞ്ചായത്ത് സെക്രട്ടറിമാരും നവംബർ 10-നകം ക്രോഡീകരിച്ച സാക്ഷ്യപ്പെടുത്തിയ അക്കൗണ്ടുകൾ പഞ്ചായത്ത് ഡയറക്ടർക്ക് സമർപ്പിക്കേണ്ടതും പഞ്ചായത്ത് ഡയറക്ടർ ഈ അക്കൗണ്ടുകൾ സമാഹരിച്ച്, ക്രോഡീകരിച്ച് നവംബർ 25-നകം തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ സെക്രട്ടറി (എഫ്.എം)-ന് സമർപ്പിക്കേണ്ടതുമാണ്.

(d) മുനിസിപ്പാലിറ്റികളുടെ അക്കൗണ്ടുകൾ സമാഹരിച്ച് ക്രോഡീകരിക്കുന്നത് സംബന്ധിച്ച്

എല്ലാ മുനിസിപ്പാലിറ്റികളും നവംബർ 10-നകം സാക്ഷ്യപ്പെടുത്തിയ അക്കൗണ്ടുകൾ റീജിയണൽ ജോയിന്റ് ഡയറക്ടർക്ക് സമർപ്പിക്കേണ്ടതും ഇപ്രകാരം സമർപ്പിച്ച അക്കൗണ്ടുകൾ റീജിയണൽ ജോയിന്റ് ഡയറക്ടർമാർ സമാഹരിച്ച് ക്രോഡീകരിച്ച് നവംബർ 15-നകം നഗരകാര്യ ഡയറക്ടർക്ക് സമർപ്പിക്കേണ്ടതുമാണ്. നഗരകാര്യ ഡയറക്ടർ അക്കൗണ്ടുകൾ ക്രോഡീകരിച്ച് നവംബർ 25-നകം തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ സെക്രട്ടറി (എഫ്.എം)-ന് സമർപ്പിക്കേണ്ടതുമാണ്.

(e) **കോർപ്പറേഷനുകളുടെ അക്കൗണ്ടുകൾ സമാഹരിച്ച് ക്രോഡീകരിക്കുന്നത് സംബന്ധിച്ച്**

എല്ലാ കോർപ്പറേഷനുകളും ക്രോഡീകരിച്ച സാക്ഷ്യപ്പെടുത്തിയ അക്കൗണ്ടുകൾ നവംബർ 15-നകം നഗരകാര്യ ഡയറക്ടർക്ക് സമർപ്പിക്കേണ്ടതും ഇപ്രകാരം സമാഹരിച്ച അക്കൗണ്ടുകൾ നഗരകാര്യ ഡയറക്ടർ ക്രോഡീകരിച്ച് നവംബർ 25-നകം തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ സെക്രട്ടറി (എഫ്.എം)-ക്ക് സമർപ്പിക്കേണ്ടതുമാണ്.

പഞ്ചായത്ത് ഡയറക്ടർ, നഗരകാര്യ ഡയറക്ടർ, ഗ്രാമവികസന കമ്മീഷണർ എന്നിവരിൽ നിന്ന് ലഭ്യമായ സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ അക്കൗണ്ട് റിപ്പോർട്ടുകൾ തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ സെക്രട്ടറി (എഫ്.എം) ക്രോഡീകരിക്കുകയും ഡിസംബർ 5-നകം തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയ്ക്ക് സമർപ്പിക്കേണ്ടതുമാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

**രാജേഷ് കുമാർ സിംഗ്**
**സെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
നഗരകാര്യഡയറക്ടർ, തിരുവനന്തപുരം
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)
എല്ലാ റിജിയണൽ ജോയിന്റ് ഡയറക്ടർമാർക്കും, (നഗരകാര്യ ഡയറക്ടർ മുഖേന)
എല്ലാ അസിസ്റ്റന്റ് കമ്മീഷണർമാർക്കും (ഗ്രാമവികസന കമ്മീഷണർ മുഖേന)
സെക്രട്ടറി, എല്ലാ മുനിസിപ്പാലിറ്റികളും / കോർപ്പറേഷനുകളും (നഗരകാര്യ ഡയറക്ടർ മുഖേന)
എല്ലാഗ്രാമ/ജില്ലാ/ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)
എക്സിക്യൂട്ടീവ് മിഷൻ ഡയറക്ടർ, ഐ.കെ.എം, പ്രതീക്ഷ ടവേഴ്സ്, പാങ്ങപ്പാറ, തിരുവനന്തപുരം (തദ്ദേശസ്വയംഭരണ വകുപ്പിന്റെയും, മറ്റ് സർക്കാർ വെബ്സൈറ്റുകളിലും പ്രസിദ്ധീകരിക്കുന്നതിനും)
പബ്ലിക് റിലേഷൻസ്ഡയറക്ടർ (പത്രമാധ്യമങ്ങളിലൂടെ ആവശ്യമായ പബ്ലിസിറ്റിക്ക്)
പകർപ്പ്:- തദ്ദേശസ്വയംഭരണവകുപ്പു മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
തദ്ദേശസ്വയംഭരണവകുപ്പു പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എസ്സ്
തദ്ദേശസ്വയംഭരണവകുപ്പു സെക്രട്ടറിയുടെ പി.എസ്സ്
സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ
അഡീഷണൽ സെക്രട്ടറി (എഫ് ആന്റ് ഇ), തദ്ദേശസ്വയംഭരണ വകുപ്പ്
തദ്ദേശസ്വയംഭരണ (എ.എ, എ.ബി, എ.സി, എഫ്.എം) വകുപ്പുകൾക്ക്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ആഫീസർ